85 (2236) റവന്യൂ വകുപ്പിലെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയതിൽ ക്രമക്കേടുകൾ

ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. എം.കെ. മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ ജീവനക്കാരുടെ വിവിധ തസ്തികകളിലെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി വിധിയുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഉത്തരവിൽ ലിസ്റ്റ് തയ്യാറാക്കാനുള്ള എല്ലാ വിവരങ്ങളും ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ലഭ്യമാക്കണമെന്ന് പറയുന്നുണ്ടോ;

(ഡി) നാളിതുവരെ ലിസ്റ്റ് ഫൈനലൈസ് ചെയ്യുകയോ പ്രൊമോഷനുകൾ റഗുലറൈസ് ചെയ്യുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും അതിൽമേലുള്ള പരാതികൾ സമർപ്പിക്കുവാനുള്ള കാലാവധി നിശ്ചയിക്കുകയും ചെയ്തുവെങ്കിലും പരാതികൾ പരിഗണിച്ച് ലിസ്റ്റ് ഫൈനലൈസ് ചെയ്യാതെ പ്രമോഷൻ നടത്തിയത് സംബന്ധിച്ചു പരാതിയെപ്പറ്റി അന്വേഷിക്കുമോ;

(എഫ്) നിയമപ്രകാരം പരാതികൾ പരിഗണിച്ചു ലിസ്റ്റു ഫൈനലൈസ് ചെയ്ത് ഇപ്പോൾ ഹൈക്കോടതിയിൽ താൽക്കാലിക ലിസ്റ്റിനെതിരെ നിലവിലുള്ള ഒ.പി.കളിലെ പരാതികൾക്ക് പരിഹാരം കാണുമോ;

(ജി) ലിസ്റ്റു ഫൈനലൈസ് ചെയ്യുന്ന നടപടി അകാരണമായി ദീർഘിപ്പിക്കുകയും താൽക്കാലിക ലിസ്റ്റിൽ നിന്നുംതന്നെ പ്രൊമോഷൻ നടത്തുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി കൈക്കൊള്ളുമോ;

(എച്ച്) സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാൻ കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് അനുവദിച്ച സമയപരിധി കഴിഞ്ഞിട്ട് എത്രനാളായി;

(ഐ) ഫൈനൽ ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോടതിവിധി ഉണ്ടായിട്ടുണ്ട്. 162/91-ാം നമ്പർ റിട്ട് അപ്പീലിൽമേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 6-4-95-ലെ ഉത്തരവ് പ്രകാരം 7-3-93 വരെയുള്ള ഡെപ്യൂട്ടി തഹസിൽദാർമാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് 6-4-98 വരെയുള്ള തഹസിൽദാർമാരുടെ സീനിയോറിറ്റി ലിസ്റ്റ് 31-12-96 വരെയുള്ള ഡെപ്യൂട്ടി തഹസിൽദാർമാരുടെ സീനിയോറിറ്റി ലിസ്റ്റ് എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഒ.പി. 22276/98-ൽ 14-9-99-ലെ കോടതി ഉത്തരവ് പ്രകാരം 10-9-1984-ലെ യഥാർത്ഥ നില കണക്കിലെടുത്തു എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ്, യു.ഡി. ക്ലാർക്ക് വില്ലേജ് ഓഫീസർ, ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ എന്നീ തസ്തികകളിലേയും 10-9-84-നു ശേഷമുള്ള എൽ.ഡി.

LIBRARY ARCHIVES Kerala Legislative Assembly

ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിലേയും താൽക്കാലിക സീനിയോറിറ്റി ലിസ്റ്റുകളും അതിൽനിന്നും രൂപം കൊടുത്ത 8-3-93 മുതൽ 31-12-97 വരെയുള്ള ഡെപ്യൂട്ടി തഹസീൽദാർമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റും പ്രസിദ്ധീകരിച്ച് തഹസിൽദാർ തസ്തികവരെയുള്ള പ്രമോഷൻ നടത്തുകയും ചെയ്തു.

(സി) ഒ.പി. 22276/98 പ്രകാരം ഉണ്ടാക്കിയിട്ടുള്ള ലിസ്റ്റുകൾ മാത്രമേ ഫൈനലൈസു ചെയ്യാനുള്ളു. ഇതിനുവേണ്ട വിവരങ്ങൾ ജില്ലാ കളക്ടർമാരിൽ നിന്നും വാങ്ങി പരിശോധന നടത്തിവരികയാണ്.

(ഡി) 14-9-99-ലെ കോടതി ഉത്തരവ് പ്രകാരം പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും അതിൻമേൽ അപേക്ഷകൾ സ്വീകരിക്കാൻ 15-1-2000 വരെ സമയം അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ സർവ്വീസ് സംഘടനകളുടെ ആവശ്യം മാനിച്ച് ഇതിനുള്ള തീയതി 15-2-2000 വരെ ദീർഘിപ്പിച്ചിരുന്നു. ഈ അപേക്ഷകൾ ജില്ലാ കളക്ടറേറ്റിൽ പരിശോധിച്ചുവരുന്നു. മേയ് 31-ന് മുമ്പ് ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നടപടികൾ തുടങ്ങിയിട്ടുണ്ട്. ഫൈനൽ ലിസ്റ്റ് തയ്യാറാകുന്നതുവരെ തസ്തികകൾ ഒഴിഞ്ഞു കിടക്കാതിരിക്കാൻ വേണ്ടി താൽക്കാലിക ലിസ്റ്റിൽനിന്ന് ഒഴിവുള്ള തസ്തികകളിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകി നിയമിച്ചുവരുന്നു.

(ഇ) താൽക്കാലിക ലിസ്റ്റുപ്രകാരം പ്രൊമോഷൻ നടത്തിയവരെ സംരക്ഷിക്കാൻവേണ്ടി ഫൈനലൈസ് ചെയ്യാതിരിക്കുകയാണെന്ന് ഒരു പരാതി ലാന്റ് റവന്യൂ കമ്മീഷണർക്ക് ലഭിച്ചിട്ടുണ്ട്. താൽക്കാലിക ലിസ്റ്റ് ഫൈനൽ ആക്കുന്നത് ഒരു സമയബന്ധിത പ്രോഗ്രാം അനുസരിച്ചാണ്. അതിൽ മന:പൂർവ്വമായ കാലതാമസം വരുന്നുമില്ല. ലിസ്റ്റ് ഫൈനലാക്കുന്ന മുറയ്ക്ക് നടത്തിയിട്ടുള്ള താൽക്കാലിക പ്രൊമോഷനുകൾ റിവ്യൂ ചെയ്ത് അപാകതകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്തുന്നതാണ്.

(എഫ്) സീനിയോറിറ്റി ലിസ്റ്റുകൾ ഫൈനലാവുന്ന മുറയ്ക്ക് പരാതികളിൽമേൽ പരിഹാരം ഉണ്ടാകുന്നതാണ്. ഹൈക്കോടതിയിൽ നിലവിലുള്ള ഒ.പി.കൾ തീർപ്പാക്കുന്നതനുസരിച്ച് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

(ജി) ലിസ്റ്റു ഫൈനലാകുന്ന നടപടി അകാരണമായി ദീർഘിപ്പിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) സമയപരിധിക്കുള്ളിൽ തന്നെ താൽക്കാലിക ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആക്ഷേപങ്ങൾ പരിശോധിച്ച് ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

(ഐ) മേയ് 31-ന് മുമ്പ് ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

86 (2238) ചേർപ്പ് നിയോജകമണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി നൽകിയിട്ടുള്ള അപേക്ഷ

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly